## 1089

സുവിശേഷം അതു ജയിക്കുമേ,
അതു ജയിക്കുമേ എന്നും ജയിക്കുമേ

1 പോകുവിൻ നിങ്ങൾ എൻസുവിശേഷം ഓതിടുവാനായ് ലോകമശേഷം
യേശുനാഥനീ സന്ദേശം ഏകുകയാൽ പോക നാം-

2 കാൽവറി മലയിൽ കൈവന്ന വിജയം കാഹളനാദം മുഴക്കി സമ്മോദം
യെരിഹോവിൻ നേരേയുള്ള പോരിന്നായി പോയിടാം-

3 ഏറുന്നു ദുരിതം ധരയിലെന്നതിനാൽ യേശുവിൻ വരവു വേഗമെന്നറിയാം
ദാസരായ് തൻവേലയിൽ പ്രവാസകാലം പാർത്തിടാം-

4 മന്നിതിലിതിനെതിരധികമുണ്ടാകും ഒന്നിലും നാം ഭയന്നിടുക വേണ്ട
സൈന്യനാഥൻ കൂടെയുണ്ട് മുന്നിലായി നിർണ്ണയം-

5 പ്രതിനിധിസേവ തുടരാമിന്നാളിൽ പ്രതിഫലമിതിനുണ്ടധികമന്നാളിൽ
പ്രാണനാഥന്നായ് നമുക്കു പ്രാണനും ത്യജിച്ചിടാം- **T.K.S.**